
# The Kerala Eradication of Superstition and Black Practices Bill - 2014

# അന്ധവിശ്വാസ ദുരാചാര നിർമ്മാർജ്ജന ബിൽ

## കേരളം 2014

കേരള യുക്തിവാദി സംഘം



# The Kerala Eradication of Superstition and Black Practices Bill - 2014

# അന്ധവിശ്വാസ ദുരാചാര നിർമ്മാർജ്ജന ബിൽ

**കേരളം 2014**


**കേരള യുക്തിവാദി സംഘം**

യശോദ ബിൽഡിങ്, പുതിയറ പി.ഒ., കോഴിക്കോട്

www.keralayukthivadi.org keralarational@gmail.com 04962202212

**കേരള യുക്തിവാദി സംഘം**
രജിസ്റ്റർ നമ്പർ S 82/1979
**സംസ്ഥാന സമിതി**
പുതിയറ പി.ഒ., കോഴിക്കോട്

ശ്രീ. ഉമ്മൻചാണ്ടി
ബഹു. കേരള മുഖ്യമന്ത്രി
ശ്രീ. രമേശ് ചെന്നിത്തല
ബഹു. ആഭ്യന്തരമന്ത്രി
ശ്രീ. കെ.എം. മാണി
ബഹു. കേരള നിയമമന്ത്രി

ബഹുമാന്യരേ,

മതവിശ്വാസം വ്യക്തിപരമായ വിഷയമാണ്. എന്നാൽ വിശ്വാസത്തിന്റെ പേരിൽ അന്ധതകളും അനാചാരങ്ങളും ഇളക്കിവിട്ട് വിശ്വാസങ്ങളെ ചൂഷണ കമ്പോള ഉപാധിയാക്കുന്നത് ഭരണഘടനാവിരുദ്ധവും നിയമലംഘനവുമാണ്. ദുരാചാരങ്ങൾ വിശ്വാസികളുടെ ശതകോടി ജീവിതങ്ങളെയാണ് ഇതിനകം തകരാറിലാക്കിയിട്ടുള്ളത്. ഇതിന്റെ മുഖ്യപ്രയോജകർ മനുഷ്യദൈവങ്ങളും മന്ത്രവാദികളുമാണ്. വിശ്വാസത്തിന്റെ ആഗോള മാർക്കറ്റുകളിൽ ലാഭം കൊയ്യുന്ന നിഷ്ഠൂരന്മാരായ ആത്മീയ കരിവേഷങ്ങൾ, ചൂഷണത്തിന്റെ ചൂണ്ടകളിൽ സേവനത്തിന്റെ മധുരം പുരട്ടി പരസ്യങ്ങൾ വഴി അണിനിരത്തുമ്പോൾ അതിൽ സാധാരണ ജനങ്ങൾ വീണുപോവുക സ്വാഭാവികമാണ്.

സാർവ്വജനീനമായ ഈ സാമൂഹ്യദുരിതങ്ങൾക്ക് അറുതി വരുത്തിയാലെ നിർദോഷികളായ വിശ്വാസികൾക്ക് സംരക്ഷണം നൽകാനാവൂ. അതിനുള്ള ബഹുമുഖ പരിപാടികൾ അനിവാര്യമായിരിക്കുന്നു.

1. ശാസ്ത്രീയ ചിന്താരീതി സ്വാംശീകരിച്ച് പ്രശ്നപരിഹാര നടപടികൾ സ്വീകരിക്കാൻ സാമാന്യ ജനത്തെ ബോധവൽക്കരിക്കണം.

2. ജനതയുടെ അജ്ഞത വളമാക്കി ചൂഷക സാമ്രാജ്യം വ്യാപിപ്പിക്കുന്ന ആൾദൈവ മാഫിയകൾ, മന്ത്രവാദി, താന്ത്രിക, യന്ത്രവില്പനക്കാർ, ജ്യോത്സ്യയജ്ഞയാഗാദി പൂജാരികൾ, ദിവ്യാത്ഭുത തട്ടിപ്പുകാർ, അന്ധവിശ്വാസ ദുരാചാര പ്രചാരകർ / പ്രവർത്തകർ എന്നിവർക്കെതിരായി കർശന നിയമനടപടികൾ സ്വീകരിക്കണം.

3. നിയമവിരുദ്ധ കപട തന്ത്രങ്ങൾവഴിയും, ആത്മീയ തട്ടിപ്പുകൾ വഴിയും അനധികൃത സ്വത്തുണ്ടാക്കുന്നതും സംഭരിക്കുന്നതും തടയാനും പിടിച്ചെടുക്കാനും ശിക്ഷിക്കാനും ഫലപ്രദമായ നിയമനിർമ്മാണം നടത്തണം.

4. അന്ധവിശ്വാസങ്ങൾ, ദുരാചാരങ്ങൾ, അനധികൃത സമ്പത്തുല്പാദനങ്ങൾ എന്നിവ കണ്ടെത്താനും പിടിച്ചെടുക്കാനും ഒരു സ്ഥിരം നിയമ

സംവിധാനം ഒരുക്കുക. അതുവഴി ആൾദൈവ-ട്രസ്റ്റ്-മാഫിയാ കേന്ദ്രങ്ങളിൽ മുഴുവൻ അന്വേഷണം നടത്തണം.

5. മതരാഷ്ട്രീയം മേൽ ദുരിതങ്ങളെ വളർത്തുന്ന പാരിസ്ഥിതിക ദുരിത മണ്ഡലമാണ്. ശുദ്ധ മതനിരപേക്ഷ സംസ്ക്കാരം ജനകീയവൽക്കരിക്കുകയും മതത്തെ രാഷ്ട്രീയത്തിൽനിന്നു വേർപെടുത്തുകയും ചെയ്യാൻ മതമുക്തരാഷ്ട്രീയ നിയമം നിർമ്മിച്ച് നടപ്പിലാക്കണം.

ഇതൊക്കെ ഒറ്റയടിക്ക് ചെയ്യാനാവണമെന്നില്ല. അവ നടപ്പാക്കാതെ പ്രശ്ന പരിഹാരം സാദ്ധ്യമല്ല. ഈ പ്രതിസന്ധിയിൽ മഹാരാഷ്ട്ര അസംബ്ലിയിൽ അവതരിപ്പിച്ച ബില്ലിന്റെ മാതൃകയിൽ കേരളയുക്തിവാദി സംഘം അന്ധവിശ്വാസ ദുരാചാരനിയമം-കേരള 2008 ന് രൂപം നൽകി അന്നത്തെ സർക്കാരിനു സമർപ്പിച്ചിരുന്നുവെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല. അതിന്റെ അടിസ്ഥാനത്തിൽ ഈ ബില്ല് വീണ്ടും ഗവൺമെന്റിനു മുന്നിൽ സമർപ്പിക്കുകയാണ്.

ഇതോടൊപ്പം സമർപ്പിക്കുന്ന പ്രസ്തുതബില്ല് ആവശ്യമായ പരിഷ്ക്കാരങ്ങളോടെ കേരള അസംബ്ലിയിൽ അവതരിപ്പിച്ച് എത്രയും വേഗം പാസാക്കി ആത്മീയ ജീർണ്ണത സൃഷ്ടിക്കുന്ന ഈ സാമൂഹ്യ ദുരന്തത്തിന് അടിയന്തിരാശ്വാസം നൽകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇത് കേരളീയരുടെ ആത്മാഭിമാനത്തിന്റെ ആവശ്യകത കൂടിയാണെന്ന് ഞങ്ങൾ കരുതുന്നു.

വിശ്വസ്തതയോടെ

അഡ്വ. കെ.എൻ. അനിൽകുമാർ
പ്രസിഡന്റ്
കേരള യുക്തിവാദിസംഘം
പെരുമ്പാവൂർ
എറണാകുളം 683542
9846126080

രാജഗോപാൽ വാകത്താനം
ജനറൽ സെക്രട്ടറി
കേരളയുക്തിവാദി സംഘം
വാകത്താനം പി.ഒ., കോട്ടയം
9447973962

# അന്ധവിശ്വാസ – ദുരാചാര നിർമ്മാർജ്ജന ബിൽ
# കേരളം – 2014

**അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും ഇല്ലാതാക്കി ശാസ്ത്രീയവും മാനുഷികവുമായ സാമൂഹ്യവ്യവസ്ഥ ഉറപ്പാക്കാനുള്ള ബിൽ.**

## മുഖവുര

ഇന്ത്യൻ ഭരണഘടന 51 a(b) പ്രകാരം ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെയും നവോത്ഥാനത്തിന്റെയും മൂല്യങ്ങളെ പ്രചോദിപ്പിക്കുന്നതിനും, 51 a (h) അനുസരിച്ച് ശാസ്ത്ര മനോഭാവം, മാനവികത, അന്വേഷണ ത്വര, പരിഷ്ക്കരണക്ഷമത എന്നിവ വളർത്താനുള്ള അവകാശങ്ങളും മൗലിക കടമയാണ്. അന്ധവിശ്വാസ അനാചാരങ്ങളും അതുമായി ബന്ധപ്പെട്ട ചൂഷണങ്ങളും നിരന്തരമായ മതസ്പർദ്ധകൾക്ക് കാരണമായിത്തീരുന്നു. അതു കൊണ്ടുതന്നെ മതേതര മാനവിക സംസ്ക്കാരം വികസിപ്പിക്കാനുള്ള ബാദ്ധ്യതയും കടമയും സർക്കാരിനുണ്ട്.

ആർട്ടിക്കിൾ 25 (1) പ്രകാരം പൊതു ക്രമസമാധാനം, പൊതു ധാർമ്മികത, പൊതുജനാരോഗ്യം എന്നിവ സംരക്ഷിച്ചുകൊണ്ടു മാത്രമേ മതവിശ്വാസവും ആചരണവും പ്രചാരണവും നടത്താൻ പാടുള്ളൂ. ഈ തത്വം പ്രായോഗികവൽക്കരിക്കണമെങ്കിൽ അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും എതിരെ ഒരു നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു.

*ഡ്രഗ്സ് ആന്റ് മാജിക്കൽ റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർട്ടൈസ്മെന്റ്) ആക്റ്റ് 1954* നിലവിലുണ്ടായിട്ടും മാന്ത്രിക ഏലസ്സുകൾ, ദിവ്യശക്തി പ്രാർത്ഥന, രോഗശാന്തി ചികിത്സ, കുട്ടിച്ചാത്തൻ അനുഗ്രഹം, ഭാഗ്യനക്ഷത്ര കല്ലുകൾ, ജോത്സ്യം, മന്ത്രവാദം തുടങ്ങിയ തട്ടിപ്പുകളുടെ പരസ്യങ്ങളും പ്രയോഗ പ്രവർത്തനങ്ങളും ആൾദൈവ പ്രതിഭാസങ്ങളും നിർബാധം നടന്നുകൊണ്ടിരിക്കുന്നു. തന്മൂലം നിർദ്ദോഷികളായ വിശ്വാസികളുടെ ധനവും മാനവും നശിച്ചിട്ടുള്ള നിരവധി സംഭവങ്ങൾ അനാവൃതമായിരിക്കുന്നു. ഒരു പരിഷ്കൃത മതേതര സമൂഹത്തിന് അപമാനകരമാണ് ഈ സ്ഥിതിവിശേഷം. നിരക്ഷര / സാക്ഷര വ്യത്യാസമില്ലാതെ ദരിദ്ര / ധനിക വ്യത്യാസമില്ലാതെ ജനങ്ങൾ ഈ ചൂഷണത്തിനു വിധേയരാക്കപ്പെടുന്നു.

മേൽപ്പറഞ്ഞ സാമൂഹ്യ ദുരിതങ്ങൾക്ക് പരിഹാരം കാണേണ്ടത് സാമൂഹ്യ ക്ഷേമത്തിലും പുരോഗതിയിലും, അധിഷ്ഠിതമായ ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്.

കേരള നിയമസഭ താഴെപറയും പ്രകാരം അന്ധവിശ്വാസ ദുരാചാര നിർമ്മാർജ്ജന നിയമം 2014 നടപ്പാക്കേണ്ടതാണ്.

## I പേരും വ്യാപ്തിയും

1. ഈ നിയമം 'അന്ധവിശ്വാസ ദുരാചാര നിർമ്മാർജ്ജന നിയമം കേരള – 2014' എന്ന് അറിയപ്പെടും.
2. കേരള സംസ്ഥാനമൊട്ടാകെ ഇതു ബാധകമാണ്.
3. ഗസറ്റിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതായിരിക്കും.

## II. നിർവ്വചനങ്ങൾ

ഈ നിയമത്തിൽ വ്യാപരിച്ചിരിക്കുന്ന നിർവ്വചനങ്ങൾ ഇങ്ങനെയാണ്.

1. **അന്ധവിശ്വാസം :** കാര്യകാരണചിന്തക്ക് ഉചിതമല്ലാത്തതും ശാസ്ത്രീയ മായ അടിത്തറ ഇല്ലാത്തതും, സാമൂഹ്യപുരോഗതിക്കു വിഘാതമായിരി ക്കുന്നതുമായ വിശ്വാസങ്ങൾ.
2. **ദുരാചാരം :** വ്യക്തിക്കും സമൂഹത്തിനും ദോഷകരവും മാരകവുമായ ഫലങ്ങൾ ഉളവാക്കുന്ന എല്ലാ ജാതി മതാചാരങ്ങളും മത കർമ്മങ്ങളും.
3. **മന്ത്രവാദം :** പ്രകൃത്യാതീത ശക്തികളും പ്രേത-ഭൂതങ്ങളും ഉണ്ടെന്നും അവയെ നിയന്ത്രിക്കാമെന്നും വിശ്വസിപ്പിച്ച് ചെയ്യുന്ന യാഗ-യജ്ഞാദി പൂജാകർമ്മങ്ങൾ.
4. **അത്ഭുതരോഗശാന്തി :** അംഗീകൃതമായ ശാസ്ത്രീയ പരിശോധനകൾ വഴി രോഗനിർണ്ണയും നടത്താതെ, പ്രാർത്ഥന, മന്ത്രം ഓതിക്കൊടുക്കൽ, മാന്ത്രിക യന്ത്രങ്ങൾ ജപിച്ചു നൽകൽ, സ്പർശന ആശ്ലേഷങ്ങൾ, ഉറുക്ക്, ഏലസ് മാന്ത്രികയന്ത്രങ്ങൾ ജപിച്ചു നല്കൽ, മദ്ധ്യസ്ഥ പ്രാർത്ഥന, ദിവ്യശക്തികളുടെ പേരിലുള്ള ചികിത്സ തുടങ്ങിയവ.
5. **പ്രചരിപ്പിക്കൽ :** ആൾ ദൈവങ്ങൾ, മന്ത്രവാദം, ദുരാചാരം, ജോത്സ്യം, ഫലസിദ്ധിയുണ്ടെന്നവകാശപ്പെടുന്ന യാഗയജ്ഞ പൂജാദികർമ്മങ്ങൾ, ധ്യാനം, അത്ഭുതരോഗശാന്തി, അശാസ്ത്രീയ ചികിത്സാ സമ്പ്രദായങ്ങൾ എന്നിവ സംബന്ധിച്ച പരസ്യങ്ങൾ, ലേഖനങ്ങൾ, പുസ്തകങ്ങൾ അനു ഭവസാക്ഷ്യങ്ങൾ, പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള പ്രവൃത്തികൾ.

മേൽപ്പറഞ്ഞവയിൽപെടാത്ത പദങ്ങൾക്കുള്ള നിർവചനം Drugs and Magical Remedies Act ൽ പറഞ്ഞിട്ടുള്ളവയായിരിക്കും.

## III. അന്ധവിശ്വാസ ദുരാചാരനിരോധനം

1. ഈ ചട്ടത്തിന്റെ പട്ടികയിൽ വരുന്ന ഏതെങ്കിലും അനാചാരമോ അത്ഭുതരോഗശാന്തിയോ അന്ധവിശ്വാസമോ ദിവ്യാത്ഭുതമോ സ്വന്ത മായോ മറ്റൊരാൾ മുഖേനയോ പ്രയോഗിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യാൻ പാടില്ല.
2. ഈ ചട്ടം നിലവിൽ വന്നതിനുശേഷം അതിനു വിരുദ്ധമായി അന്ധ വിശ്വാസം പ്രചരിപ്പിക്കുകയോ പ്രയോഗിക്കുകയോ ചെയ്യുന്നത് കുറ്റകര മാണ്. രണ്ടു വർഷം മുതൽ എട്ടു വർഷം വരെയുള്ള തടവിനും 5000 രൂപ മുതൽ ഒരു ലക്ഷം രൂപാവരെ പിഴയ്ക്കും അയാൾ അർഹനാണ്.

3. ഈ ചട്ടപ്രകാരം കുറ്റകരമായ കൃത്യം ചെയ്യാൻ പ്രേരിപ്പിക്കുന്നയാളും ഇതേ ശിക്ഷയ്ക്ക് അർഹനാണ്.

4. ഈ ആക്ട് പ്രകാരമുള്ള കുറ്റം അന്വേഷിക്കാനും തെളിവെടുക്കാനും എഫ്.ഐ.ആർ. തയ്യാറാക്കാനും ചൈൽഡ് പ്രൊട്ടക്ഷൻ ആക്ടിൽ പറയുംവിധം ഒരു ജില്ലാതല വിജിലൻസ് സംവിധാനം സംഘടിപ്പിക്കണം. അവരുടെ അന്വേഷണ റിപ്പോർട്ട് ജില്ലാ പോലീസ് സൂപ്രണ്ടിന് നൽകുകയും അതിൻമേൽ ഒരു മാറ്റവും വരുത്താതെ എഫ്.ഐ.ആർ. ഫയൽ ചെയ്യാൻ ബന്ധപ്പെട്ട സബ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും വേണം. ഈ കേസുകൾ ജാമ്യം ലഭിക്കാത്ത വകുപ്പുകളിൽ ഉൾപ്പെടുത്തുകയും പരാതിക്കാരുടെ വിവരങ്ങൾ സ്വകാര്യമാക്കി വെക്കുകയും വേണം.

5. അന്ധവിശ്വാസ ദുരാചാരകർമ്മങ്ങൾ വഴി ആർജ്ജിച്ച സ്വത്തുക്കൾ അഴിമതി നിരോധനനിയമത്തിലെ വകുപ്പിനു സമാനമായി ഗവൺമെന്റിലേക്കു കണ്ടുകെട്ടേണ്ടതാണ്.

6. **സ്ഥാപനങ്ങളും സംഘടനകളും ചെയ്യുന്ന കുറ്റങ്ങൾ:** ഈ നിയമപ്രകാരമുള്ള കുറ്റങ്ങൾ ഒരു സ്ഥാപനമോ, സംഘടനയോ കമ്പനിയോ ആണ് ചെയ്യുന്നതെങ്കിൽ കുറ്റം നടക്കുന്ന സമയത്ത് സ്ഥാപനത്തിന്റെ സംഘടനയുടെ / കമ്പനിയുടെ ചുമതലയുണ്ടായിരുന്ന എല്ലാ വ്യക്തികൾക്കും അതിൽ ഉത്തരവാദിത്തമുണ്ടായിരിക്കും. പ്രസ്തുത സംഘടന /സ്ഥാപനം/കമ്പനിയുടെ പേരിൽ കേസെടുത്ത് ശിക്ഷിക്കാവുന്നതാണ്.

7. **വിജിലൻസ് ഓഫീസർ :** ഗവൺമെന്റിന്റെ ഗസറ്റ് വിജ്ഞാപനം മുഖേന ഒന്നോ അതിലധികമോ പോലീസ് സ്റ്റേഷനുകൾക്ക് ഒന്നോ അതിലധികമോ പോലീസ് ഓഫീസർമാരെ വിജിലൻസ് ഓഫീസറന്മാരായി നിമയിക്കാം.പോലീസ് സബ് ഇൻസ്പെക്ടറിൽ താഴെയല്ലാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനായിരിക്കും വിജിലൻസ് ഓഫീസർ. ഈ ചട്ടത്തിന്റെ ലംഘനം കണ്ടുപിടിച്ച് തടയുന്നതും കേസ് ഫയൽ ചെയ്യുന്നതും ഈ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

## 8. പ്രവേശനത്തിനും അന്വേഷണത്തിനുമുള്ള അധികാരം

i. കുറ്റത്തിന് വിധേയമായ വ്യക്തി പരാതി നൽകിയില്ലായെന്നതിന്റെ പേരിൽ കേസ് എടുക്കാതിരിക്കരുത്. പൊതുപ്രവർത്തകർ നൽകുന്ന പരാതിയുടെ അടിസ്ഥാനത്തിലോ മാധ്യമങ്ങളിലെ വാർത്തകളുടെ അടിസ്ഥാനത്തിലോ കേസ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ii. വിജിലൻസ് ഓഫീസർക്ക് തന്റെ അധികാരപരിധിക്കുള്ളിൽ കുറ്റം നടന്നതായി തോന്നുന്ന സ്ഥലത്ത് പ്രവേശിക്കുന്നതിനും പരിശോധന നടത്തുന്നതിനും അധികാരം ഉണ്ടായിരിക്കും. ഈ നിയമത്തിൽ "പ്രചരിപ്പിക്കുക" എന്ന നിർവചനത്തിൽപ്പെടുന്നവ പിടിച്ചെടുക്കാനും അന്വേഷിക്കുവാനും അധികാരം ഉണ്ടായിരിക്കും.

iii. ഈ നിയമപ്രകാരം ഉത്തമ വിശ്വാസത്തോടെ വിജിലൻസ് ഓഫീസർ കൈക്കൊള്ളുന്ന നടപടികൾക്ക് 1965 ലെ കേരള പോലീസ് ആക്റ്റിലെ നിബന്ധനകൾ ബാധകമാണ്.

iv. ഈ നിയമത്തിനു കീഴിൽ ശിക്ഷിക്കപ്പെട്ട ഏതൊരാളുടെയും പേരും താമസസ്ഥലവും ബന്ധപ്പെട്ട വിവരങ്ങളും കുറ്റം നടന്ന സ്ഥലത്ത് പ്രാദേശിക പത്രങ്ങളിൽ പരസ്യപ്പെടുത്തേ ണ്ടതാണ്.

v. അറസ്റ്റ് ചെയ്യപ്പെട്ട കുറ്റവാളികളെ ബഹുജനങ്ങൾക്ക് തിരിച്ചറിയാനും ഭാവി ഉപദ്രവങ്ങൾ കുറയ്ക്കാനും മുഖം പരസ്യപ്പെടുത്തണം.

## IV. കുറ്റകൃത്യങ്ങളുടെ പട്ടിക

1. പ്രേതബാധ ഒഴിപ്പിക്കാനെന്ന പേരിൽ ഒരാളെ കയറോ ചങ്ങലയോ കൊണ്ട് ബന്ധിക്കുന്നത്, കമ്പോ, ചാട്ടയോ കൊണ്ട് അടിക്കുന്നത്, കെട്ടിത്തൂക്കുന്നത്, തലമുടി പിഴുതെടുക്കുന്നത്, ശരീരത്തിൽ ചൂടുവെയ്ക്കുന്നത്, ലൈംഗികവേഴ്ചയ്ക്ക് പ്രേരിപ്പിക്കുന്നത്, ബലം പ്രയോഗിച്ച് മലമൂത്രങ്ങൾ വായ്ക്കുള്ളിലാക്കുന്നത്, ശാരീരിക ബലപ്രയോഗം, സ്പർശനം.

2. ദിവ്യാത്ഭുതങ്ങളെന്നു പറയപ്പെടുന്നവ പ്രകടിപ്പിക്കുന്നതും അത്തരം കൃത്യങ്ങൾ പ്രകടിപ്പിച്ച് ജനങ്ങളെ വഞ്ചിക്കുകയും ഭീഷണിപ്പെടുത്തുകയും പണം സമ്പാദിക്കുകയും ചെയ്യുന്നത്.

3. പ്രകൃത്യാതീത ശക്തികളുടെ അനുഗ്രഹത്തിനെന്ന പേരിൽ ജീവനു ഹാനിയുണ്ടാക്കുന്നതോ മുറിവേൽപ്പിക്കുന്നതോ ആയ കർമ്മങ്ങൾ ചെയ്യുന്നതും അത്തരം കൃത്യങ്ങൾ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും.

4. നിധി, ജലസ്രോതസ്സുകൾ, കെട്ടിടസ്ഥാനം നിർണ്ണയിക്കൽ മുതലായവക്കുവേണ്ടി നരബലിയും മൃഗ, പക്ഷി അടക്കമുള്ള ബലിയും പൂജകളും നടത്തുന്നത്.

5. ആരുടെയെങ്കിലും ശരീരത്തിൽ ഏതെങ്കിലും ഒരു ദിവ്യാത്മാവ് ആവേശിച്ചിട്ടുണ്ടെന്ന് പരസ്യപ്പെടുത്തി മറ്റുള്ളവരുടെ മനസിൽ ഭീതി ജനിപ്പിക്കുന്നതും അയാളെ അനുസരിച്ചില്ലെങ്കിൽ അതപകടകരമാണെന്നു ഭീഷണിപ്പെടുത്തുന്നതും.

6. ഒരാൾക്ക് മന്ത്രവാദം നടത്തുന്നുവെന്നോ, അയാൾക്ക് പ്രേതബാധ ഉണ്ടെന്നോ മറ്റുള്ളവരിൽ രോഗബാധ ഉണ്ടാകാൻ അയാൾ കാരണമാകുന്നുവെന്നോ പ്രചരിപ്പിക്കുന്നത്.

7. മന്ത്രവാദി എന്നാരോപിച്ച് ഒരാളെ മർദ്ദിക്കുന്നതും നഗ്നനാക്കി നടത്തുന്നതും അയാളുടെ ദൈനംദിന ജീവിതത്തിന് തടസം സൃഷ്ടിക്കുന്നതും.

8. മന്ത്രംകൊണ്ട് ഭൂത-പ്രേതാദികളെ ആവാഹിക്കുകയാണെന്ന ധാരണ ജനിപ്പിച്ച് ജനങ്ങളുടെ മനസിന് ഭീതി ഉളവാക്കുന്നതും മന്ത്രതന്ത്രങ്ങൾകൊണ്ട് ഒരാളെ ഭീഷണിപ്പെടുത്തുന്നതും.

9. നായ, പാമ്പ്, തേൾ മുതലായവ കടിച്ചാൽ ശാസ്ത്രീയ ചികിത്സ നിഷേധിക്കുന്നതും മന്ത്ര തന്ത്രങ്ങളും മറ്റും പ്രയോഗിക്കുന്നതും.

10. വിരലുകൾ കൊണ്ടു ശസ്ത്രക്രിയ നടത്താനും ഗർഭസ്ഥശിശുവിന്റെ ലിംഗമാറ്റത്തിനു കഴിയുമെന്നവകാശപ്പെടുന്നതും ഗർഭം അലസിപ്പിക്കുന്നതും.

11. ദിവ്യശക്തിയുണ്ടെന്നോ മറ്റൊരാളുടെ അവതാരമാണു താനെന്നോ ദിവ്യാവതാരമാണെന്നോ അവകാശപ്പെടുന്നതും കഴിഞ്ഞ ജന്മത്തിൽ തന്റെ ഭാര്യയോ, ഭർത്താവോ ആയിരുന്നുവെന്ന് അവകാശപ്പെട്ട് അവരുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതും.

12. ബുദ്ധിവളർച്ചയില്ലാത്തതും പ്രായപൂർത്തിയാകാത്തതുമായ ഒരാൾക്ക് ദിവ്യശക്തിയുണ്ടെന്ന ധാരണ ജനിപ്പിച്ച് അയാളെ സ്വാർത്ഥലാഭത്തിനു പ്രയോജനപ്പെടുത്തുന്നതും.

13. ഗർഭധാരണശേഷിയില്ലാത്ത സ്ത്രീയിൽ ദിവ്യശക്തികൊണ്ട് ഗർഭം ധരിപ്പിക്കാമെന്ന് അവകാശപ്പെട്ട് അവരുമായി ലൈംഗികവേഴ്ചയിലേർപ്പെടുന്നതും അതിനായി പ്രേരിപ്പിക്കുന്നതും ദിവ്യമരുന്നു നല്കുന്നതും.

14. ജോത്സ്യ പ്രവചനങ്ങൾ വഴി ജനങ്ങളെ വഞ്ചിക്കുന്നതും അതിന്റെ മന്ത്രതന്ത്രങ്ങൾ വഴി ചൂഷണം ചെയ്യുന്നതും.

15. ശാസ്ത്രീയചികിത്സ നിഷേധിച്ച് പ്രാർത്ഥനാ രോഗചികിത്സ നടത്തുന്നതും രോഗികൾക്ക് അപകടം വരുത്തുന്നതും അതിന്റെ പേരിൽ നേർച്ചകാഴ്ചകൾ വാങ്ങുന്നതും.

16. ദിവ്യതയുടെ മറവിൽ മയക്കുമരുന്നും ആയുധങ്ങളും സംഭരിക്കുന്നതും പ്രയോഗിക്കുന്നതും.

17. മതപരമായ അന്ധവിശ്വാസങ്ങളുടെ മറവിൽ വിദേശപണം വാങ്ങുന്നതും വിദേശികളെ അനധികൃതമായി താമസിപ്പിക്കുന്നതും.

18. മരിച്ചുപോയ പുരോഹിതരുടെ കുഴിമാടങ്ങളും കബറുകളും വിശ്വാസത്തിന്റെ പേരിൽ സാമ്പത്തിക ചൂഷണത്തിന് ഉപയോഗിക്കുന്നതും അന്ധവിശ്വാസത്തിന്റെ മറവിൽ ബലം പ്രയോഗിച്ചും പ്രീണിപ്പിച്ചും മതപരിവർത്തനം നടത്തുന്നതും.

19. വിശ്വാസത്തിന്റെ മറവിൽ നടത്തപ്പെടുന്ന സ്ത്രീപീഡനങ്ങൾ

20. ശാരീരിക മാനസിക വികലതയുള്ളവരെ സ്വാധീനിച്ച് ദുരാചാരങ്ങൾക്ക് വിധേയമാക്കൽ.

21. പ്രാർത്ഥനകൊണ്ടും മതാചാരം കൊണ്ടും രോഗചികിത്സ മതിയെന്നും ആധുനിക ചികിത്സ നിഷേധിക്കുന്നതും

22. നിധി സൂക്ഷിപ്പുകേന്ദ്രങ്ങളിൽ ഐശ്വര്യങ്ങളുണ്ടെന്ന് പ്രചരിപ്പിച്ച് നിധി സംരക്ഷണ നടപടികൾ ചെയ്യുന്നത്.

23 ദൈവഹിതം കണ്ടെത്താൻ ദേവപ്രശ്നം നടത്തിയാൽ കഴിയുമെന്ന് പ്രചരിപ്പിക്കുന്നത്.

---

Printed & Published by Kerala Yukthivadi Sanghom State Committee
Type Setting: Graphixon, Chingavanam Printed at: St.Johns offset press, Velloothuruthy, Kottayam

കേരള യുക്തിവാദി സംഘം

# അന്ധവിശ്വാസ നിർമ്മാർജ്ജന ജാഥ

2014 ഒക്ടോബർ 16 - 30

കാസർഗോഡ് - തിരുവനന്തപുരം

ജാഥാ പ്രസിദ്ധീകരണം വില: 5 രൂപ